**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2394** **21-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ലോട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിനും, ടിക്കറ്റുകളുടെ വില്പന കൂട്ടുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 01.03.2020മുതൽ 12% ത്തിൽ നിന്നും 28% മായി കേന്ദ്ര സർക്കാർ ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/- രൂപയായി ഏകീകരിച്ച കൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന തുകയിലും വർദ്ധനവ് വരുത്തി ഏകദേശം 58.5% തുക സമ്മാനമായി നൽകത്തക്ക വിധത്തിലും സമ്മാന ഘടന അത്യന്തം ആകർഷക മാക്കി പരിഷ്ക്കരിച്ചു. പരിഷ്ക്കരിച്ച സമ്മാനഘടനയനുസരിച്ചുള്ള ആദ്യ നറുക്കെടുപ്പ് 01.03.2020 -ന് നടത്തുകയും ചെയ്തിട്ടുണ്ട്. ഈ വിധം സമ്മാന ഘടന പരിഷ്കരണം പൊതുജനങ്ങൾക്ക് സ്വീകാര്യ മാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി പന്ത്രണ്ട് ശതമാനത്തിൽ നിന്നും ഇരുപത്തിയെട്ട് ശതമാനമായി ഉയർത്തിയ ജി.എസ്.ടി കൗൺസിലിന്റെ നടപടി സംസ്ഥാന ലോട്ടറിയെ എപ്രകാരമാണ് ബാധിച്ചത്; | (ബി) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 01.03.2020മുതൽ 12% ത്തിൽ നിന്നും 28% മായി കേന്ദ്ര സർക്കാർ ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/- രൂപയായി ഏകീകരിക്കേണ്ടിവരുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ GST നിരക്കിലുണ്ടായ വർദ്ധനവിനനുസൃതമായി സമ്മാന ഘടന പരിഷ്ക്കരിച്ചതു വഴി ഭാഗ്യക്കുറി വകുപ്പി ലൂടെ സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുകയും ചെയ്തി ട്ടുണ്ട്. സമ്മാനഘടന പരിഷ്ക്കരണം വഴി ഏകദേശം 58.5% ത്തോളം തുക സമ്മാനയി നത്തിൽ പൊതുജനങ്ങൾക്ക് നിലവിൽ നല്കിവരുകയും ചെയ്യുന്നുണ്ട്. |
| (സി) | പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനയിലും വില്പനയിലും പരിഷ്കാരം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടന 01.03.2020മുതൽ പരിഷ്ക്ക രിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST |

| | | | |
|---|---|---|---|
| | | | നിരക്ക് 01.03.2020മുതൽ 12% ത്തിൽ നിന്നും 28% മായി കേന്ദ്ര സർക്കാർ ഉയർത്തുകയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/-രൂപയായി ഏകീകരിച്ചുകൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന തുകയിലും വർദ്ധനവ് വരുത്തിയും ഏകദേശം 58.5% തുക സമ്മാനമായി നൽകത്തക്കവിധത്തിലും സമ്മാനഘടന അത്യന്തം ആകർഷകമാക്കി പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പരിഷ്ക്കരിച്ച സമ്മാന ഘടന 01.03.2020ലെ പൗർണ്ണമി ഭാഗ്യക്കുറിയുടെ 432-ാമത് നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കോവിഡ് പ്രതിസന്ധിമൂലം ഭാഗ്യക്കുറി വരുമാനത്തിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | 2020മാർച്ച് മാസം അവസാനത്തോടുകൂടി വ്യാപിച്ച മഹാമാരിയായ കോവിഡ്-19ന്റെ നിർവ്യാപനവുമായി ബന്ധപ്പെട്ടുള്ള സമ്പൂർണ്ണ അടച്ചിടലും ഇതിന്റെ ഭാഗമായുള്ള തുടർ നിയന്ത്രണങ്ങളും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ മുഴുവൻ പ്രതിവാര ഭാഗ്യക്കുറികൾ, വിഷു ബമ്പർ ഭാഗ്യക്കുറി (BR-73), പിന്നീടുള്ള മാസങ്ങ ളിലെ എല്ലാ ഞായറാഴ്ചകളിലേയും പൗർണ്ണമി, വ്യാഴാഴ്ചയിലെ കാരുണ്യ പ്ലസ് പ്രതിവാരഭാഗ്യക്കുറികൾ, (ഡിസംബർ മാസം വരെ) എന്നിവയുൾപ്പെടെ നിലവിൽ ഏകദേശം 160ഓളം ഭാഗ്യക്കുറികൾ റദ്ദ ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷത്തിൽ (ഡിസംബർ മാസം വരെ) നികുതിയേതര വരുമാനമായി 7687.4കോടി രൂപ സമാഹരിച്ചിരുന്ന സ്ഥാനത്ത് 2020-2021സാമ്പത്തിക വർഷത്തിൽ (ഡിസംബർ മാസം വരെ) 2742.29 രൂപ മാത്രമാണ് നികുതിയേതര വരുമാനമായി വകുപ്പിന് സമാഹരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഏകദേശം 5000കോടി രൂപയോളം തുക കുറവ് വരുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ